I ഇ.ബി. XIV-കേരള നിയമസഭ/XIX-5

## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2020 മാർച്ച് 10, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചരമോപചാരം

എൻ. വിജയൻ പിള്ളയുടെ നിര്യാണം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയിലെ അംഗമായ എൻ. വിജയൻ പിള്ള 2020 മാർച്ച് 8-ന് നിര്യാതനായി. 2016-ലെ തെരഞ്ഞെടുപ്പിൽ കൊല്ലം ജില്ലയിലെ ചവറ മണ്ഡലത്തെ പ്രതിനിധീകരിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രതിനിധിയായാണ് അദ്ദേഹം നിയമസഭയിലെത്തിയത്. നിലവിൽ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായിരുന്നു. കൊല്ലം ജില്ലയുടെ പുരോഗതിക്കായി അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ച അദ്ദേഹം ചവറയിൽ നടത്തിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ജില്ലാ ബാങ്ക് പ്രസിഡന്റ്, ചവറ പട്ടത്താനം

സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ സഹകരണ രംഗത്തും അദ്ദേഹം സജീവമായിരുന്നു. സൗമ്യനും ഏതുസമയത്തും ജനങ്ങൾക്ക് സമീപിക്കാൻ കഴിയുന്ന നേതാവുമായിരുന്നു എൻ. വിജയൻ പിള്ള. ദീർഘകാലം പഞ്ചായത്തംഗമായി പ്രവർത്തിച്ചതിന്റെ അനുഭവസമ്പത്താണ് രാഷ്ട്രീയ ജീവിതത്തിൽ അദ്ദേഹത്തിന് കരുത്തേകിയത്. നിസ്വാർത്ഥനും ഊർജ്ജസ്വലനുമായ നേതാവിനെയാണ് എൻ. വിജയൻ പിള്ളയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. ചുറ്റുമുള്ളവരിലേയ്ക്ക് ഊർജ്ജം പകർന്നുനൽകി സ്വയം ഒരു വിളക്കായി മാറാൻ ശ്രമിച്ച മനുഷ്യത്വത്തിന്റെ ദീപ്തമായ പ്രതീകമാണ് എൻ. വിജയൻ പിള്ള. സമർപ്പിതമനസ്കനായ പൊതുപ്രവർത്തകൻ, സ്നേഹസമ്പന്നനായ സുഹൃത്ത്, ശ്രദ്ധേയനായ നിയമസഭാ സാമാജികൻ, സ്ഥിരോത്സാഹിയായ വ്യവസായി തുടങ്ങി വിവിധ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അകാലത്തിലുള്ളതും അപ്രതീക്ഷിതവുമായിരുന്നു അദ്ദേഹത്തിന്റെ വേർപാട്. പാവപ്പെട്ടവർക്കുതകുന്ന ഒരു കാര്യവും നാളേയ്ക്കുവേണ്ടി മാറ്റിവയ്ക്കാൻ പാടില്ലെന്ന നിർബന്ധബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. ഈ സ്നേഹവും കരുതലുമാണ് എൻ. വിജയൻ പിള്ളയെ ജനങ്ങൾക്ക് പ്രിയങ്കരനാക്കി

മാറ്റിയത്. വ്യവസായം, ജീവകാരുണ്യം, വിദ്യാഭ്യാസം തുടങ്ങി ഒട്ടേറെ രംഗങ്ങളിൽ അദ്ദേഹം വ്യാപരിച്ചിരുന്നു. ലളിതവും സുതാര്യവുമായിരുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വം. ജാതിക്കും മതത്തിനും അതീതമായി പൊതുമണ്ഡലത്തെ ശക്തിപ്പെടുത്തി പ്രവർത്തിച്ച വിജയൻ പിള്ളയുടെ മാതൃക അനുകരണീയമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. ആർ.എസ്.പി.-യിലൂടെ രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്ന അദ്ദേഹത്തിന് പഞ്ചായത്ത് അംഗമായിരുന്ന കാലം മുതൽ താഴെത്തലത്തിലുള്ള ജനങ്ങളുമായി അടുത്ത ബന്ധം പുലർത്താൻ സാധിച്ചിട്ടുണ്ട്. 2016-ൽ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുമായി സൗഹൃദം പുലർത്തിയിരുന്നു. വിജയൻ പിള്ളയുടെ നിര്യാണംമൂലം നിസ്വാർത്ഥനായ ഒരു പൊതുപ്രവർത്തകനെയാണ് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഒരു പൊതുജന സേവകൻ എന്ന നിലയിലാണ് എൻ. വിജയൻ പിള്ള

എക്കാലവും അറിയപ്പെട്ടിരുന്നത്. തുടർന്നും ജനഹൃദയങ്ങളിൽ അദ്ദേഹത്തിന്റെ സ്ഥാനം അങ്ങനെ തന്നെയായിരിക്കും. സ്നേഹപൂർവ്വമായ പെരുമാറ്റത്തിലൂടെ മറ്റുള്ളവരുടെ ആദരവ് പിടിച്ചുപറ്റിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഗ്രാമ/ജില്ലാ പഞ്ചായത്ത് അംഗമായി പ്രവർത്തിച്ച അദ്ദേഹം നാടിന്റെയും ജനങ്ങളുടെയും ജീവൽപ്രശ്നങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്നു. സാങ്കേതികതകൾക്കപ്പുറമുള്ള ജനസേവനമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. ദീപ്തമായ അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുന്നു. ഒരു കമ്മ്യൂണിസ്റ്റുകാരനായി ജീവിതം ആരംഭിച്ച് കമ്മ്യൂണിസ്റ്റുകാരനായി ജീവിതം അവസാനിപ്പിച്ച വ്യക്തിയാണ് അദ്ദേഹം. പരിചയപ്പെടുന്നവരെ കീഴ്പ്പെടുത്താൻ കഴിയുന്ന സ്വഭാവ സവിശേഷതയായിരുന്നു അദ്ദേഹത്തിന്റേത്. "മെമ്പർ വിജയണ്ണൻ" എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പഞ്ചായത്തംഗമായി ദീർഘകാലം പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് നാടിനെക്കുറിച്ച് വലിയ സ്വപ്നങ്ങളുണ്ടായിരുന്നു. പൊതുപ്രവർത്തകർ മാതൃകയാക്കേണ്ട ഒട്ടേറെ സ്വഭാവ സവിശേഷതകൾ അദ്ദേഹത്തിനുണ്ടായിരുന്നു. തികഞ്ഞ മനുഷ്യസ്നേഹിയായിരുന്ന എൻ. വിജയൻ പിള്ളയുടെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്:</u> നിയമസഭാംഗമായി ചുരുങ്ങിയ കാലം കൊണ്ട് ഏവരുടെയും സ്നേഹവിശ്വാസങ്ങൾ ആർജ്ജിക്കുന്നതിനും മണ്ഡലത്തിലെ വിഷയങ്ങളിൽ ഇടപെട്ട് പരിഹാരം കാണുന്നതിനും എൻ. വിജയൻ പിള്ളയ്ക്ക് സാധിച്ചിരുന്നു. വ്യവസായി എന്ന നിലയിൽ വിജയം വരിച്ച അദ്ദേഹം പാവപ്പെട്ടവരുടെ ഉന്നമനത്തിനായി എന്നും നിലകൊണ്ടു. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്:</u> നിയോജകമണ്ഡലത്തിലെ സാധാരണക്കാർക്ക് എന്നും പ്രാപ്യനായ സാമാജികനായിരുന്ന എൻ. വിജയൻ പിള്ള. പക്വതയും സൗമ്യതയോടുള്ള സമീപനവും മുഖമുദ്രയാക്കിയ അദ്ദേഹം രാഷ്ട്രീയത്തിനതീതമായി വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും നിയമസഭാ കമ്മിറ്റികളിൽ കൃത്യമായി പങ്കെടുക്കുന്നതിനും ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ:</u> എൻ. വിജയൻ പിള്ളയുടെ ആകസ്മിക നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ദീർഘകാലം പഞ്ചായത്തംഗമായി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് നാട്ടിലെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാനും പരിഹാരം കണ്ടെത്താനും സാധിച്ചിരുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> പഞ്ചായത്തംഗമായി ദീർഘനാളത്തെ

പ്രവർത്തനത്തിലൂടെ ശക്തമായ ജനകീയാടിത്തറ സൃഷ്ടിച്ച നേതാവായിരുന്ന എൻ. വിജയൻ പിള്ള. സഭാസമ്മേളനങ്ങളിലെ നിറസാന്നിദ്ധ്യമായിരുന്ന അദ്ദേഹം. വ്യവസായി ആയിരുന്ന അദ്ദേഹം പാവപ്പെട്ടവർക്ക് സഹായം നൽകുന്നതിൽ സദാ സന്നദ്ധനായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സൗമ്യമായ പെരുമാറ്റത്തിലൂടെ ജനഹൃദയം കവർന്ന സാമാജികനായിരുന്ന എൻ. വിജയൻ പിള്ള. അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ നാടിനുണ്ടായ നഷ്ടം നികത്താനാവാത്തതാണ്. നീണ്ടകരയിൽ മാരിടൈം കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: എല്ലാവരോടും തുറന്ന മനസ്സോടെയും ലാളിത്യത്തോടെയും ഇടപെടുന്നതിന് എൻ. വിജയൻ പിള്ളയ്ക്ക് കഴിഞ്ഞിരുന്നു. മണ്ഡലത്തിലെ പൊതുപ്രശ്നങ്ങളിൽ രാഷ്ട്രീയ പരിഗണന കൂടാതെ ഇടപെടുന്നതിനും പരിഹാരം കാണുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ജനകീയനായ പൊതുപ്രവർത്തകനെയാണ്

എൻ. വിജയൻ പിള്ളയുടെ ആകസ്മിക നിര്യാണത്തിലൂടെ നാടിന് നഷ്ടമായിരിക്കുന്നത്. നാട്ടുകാരുമായി തികഞ്ഞ സൗഹൃദത്തോടെ ഇടപെടുകയും നിയോജകമണ്ഡലത്തെ വികസനോന്മുഖമാക്കുന്നതിനായി നിരന്തരം പ്രവർത്തിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ഒരു മാതൃകാ ജനപ്രതിനിധിയെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. വികസന വഴികളിൽ അദ്ദേഹം എന്നും ജനങ്ങളോടൊപ്പമായിരുന്നു. 2001-ൽ ഏറ്റവും നല്ല പൊതുപ്രവർത്തകനുള്ള കലാശില്പപുരസ്കാരം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

<u>ശ്രീ. പി. സി. ജോർജ്</u>: എൻ. വിജയൻ പിള്ളയുടെ മരണം ചവറ നിയോജകമണ്ഡലത്തിന് ഒരു തീരാനഷ്ടമാണ്. അഞ്ച് സഹപ്രവർത്തകരാണ് നാലു വർഷക്കാലത്തിനിടയിൽ നമ്മെ വിട്ടുപോയത്. അഞ്ചിൽ നാലു പേരും ക്യാൻസർ രോഗബാധിതരായിട്ടാണ് മരണമടഞ്ഞത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## II അറിയിപ്പ്

<u>വാഹനസൗകര്യം</u>

<u>മി. സ്പീക്കർ</u>: എൻ. വിജയൻ പിള്ളയുടെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ കഴിയാത്ത അംഗങ്ങൾക്ക് പരേതന്റെ ചവറയിലുള്ള ഭവനം സന്ദർശിക്കുന്നതിനായി നിയമസഭാ ഹോസ്റ്റലിൽ വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സഭ രാവിലെ 09.38-ന് പിരിഞ്ഞു.)